ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപ് 25 ശതമാനം കാറ്റഗറിയിൽ തസ്തികമാറ്റത്തിലൂടെ നിയമിതരായ ജൂനിയർ അദ്ധ്യാപകർക്ക് ഫുൾടൈം ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) നിയമിതരായ തീയതി മുതൽ ഫുൾടൈം സ്കെയിൽ നൽകിയിട്ടുണ്ട്.

(ഇ) മുൻകാല സർവ്വീസുള്ള 25 ശതമാനം കാറ്റഗറിയിൽപ്പെട്ട അദ്ധ്യാപകരെയാണ് ഫുൾടൈം സ്കെയിലിന് പരിഗണിച്ചത്.

(എഫ്) ജി.ഒ. (എംഎസ്.)നമ്പർ 351/104/ജന.എഡ്യു. തീയതി 20-11-2004 പ്രകാരമാണ് ഈ ആനുകൂല്യം നൽകിവരുന്നത്.

പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവർ

19(708) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും പ്രതിവർഷം എത്രപേർ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നുവെന്ന കണക്ക് ലഭ്യമാണോ ;

(ബി) ഈ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളെക്കുറിച്ച് ഏതെങ്കിലും രീതിയിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് നടപടി

20(709) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ സ്പോർട്സ്കൂടി ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത അദ്ധ്യയന വർഷം ഏതൊക്കെ ക്ലാസ്സുകളിലെ പാഠ്യപദ്ധതികളിലാണ് സ്പോർട്സ് പാഠഭാഗമായി ചേർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സ്കൂളുകൾ വഴി യുവജനങ്ങൾക്ക് കായിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പുതുതായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേക്കുള്ള പാഠ്യപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 5-1-2009-ൽ കൂടിയ 21-മത് കരിക്കുലം കമ്മിറ്റി സിലബസിന് അംഗീകാരം നൽകുകയുണ്ടായി. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക സഹായി മുഖ്യവൽക്കരിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. 2011 ജനുവരി മാസം 25-ന് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം സംസ്ഥാന/ജില്ലാതലങ്ങളിൽ നടന്നു കഴിഞ്ഞു. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കായികക്ഷമതയിൽ മികവ് തെളിയിച്ച കുട്ടികൾക്ക് നൽകുന്ന അവാർഡ് 'മെഡൽ' സർട്ടിഫിക്കറ്റുകൾ കായികക്ഷമത പുലർത്താത്ത മറ്റ് കുട്ടികൾക്ക് പ്രചോദനമാകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികരംഗത്ത് മികവ് കാട്ടുന്ന സ്കൂളുകൾക്ക് മാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് കായികരംഗത്ത് മികവ് കാട്ടിയ 100 സർക്കാർ ഹൈസ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി

21(710) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് :

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക അദ്ധ്യാപകരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly